"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസം - പാലക്കാട് കീഴത്തൂർ എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീ. ജൂനൈദ് എച്ച് - ന്റെ നിയമനം നിരസിച്ചതിനെതിരെ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.10422/2025/GEDN തീയതി,തിരുവനന്തപുരം, 22-12-2025

പരാമർശം:-
1. സ.ഉ. (കൈ) നം. 54/2024/പൊവിവ, തീയതി 01/06/2024.
2. പാലക്കാട് കീഴത്തൂർ എ.എൽ.പി. സ്കൂൾ മാനേജർ സമർപ്പിച്ച 07/03/2025 തീയതി പുന:പരിശോധന ഹർജി.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/05/2025 തീയതിയിലെ DGE/8939/2025-G1 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ജില്ലയിലെ കീഴത്തൂർ എ. എൽ. പി. സ്കൂളിൽ 01/06/2023 മുതൽ എൽ.പി.എസ്.ടി. തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ. ജൂനൈദ്.എച്ച് - ന്റെ നിയമനം നിരസിച്ചതിനെതിരെ ടി സ്കൂൾ മാനേജർ പരാമർശം (2) ഹർജി സമർപ്പിച്ചിരുന്നു. അപ്രകാരം ബന്ധപ്പെട്ട കക്ഷികൾ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ പ്രതിനിധികളുമായി 10/09/2025 ൽ ഗ്രൂഗിൾ മീറ്റ് മുഖേന കൂടിക്കാഴ്ച നടത്തുകയുണ്ടായി.

2. പുന:പരിശോധന ഹർജിയിലെ സ്കൂൾ മാനേജറുടെ വാദം ഇപ്രകാരമാണ്:

കീഴത്തൂർ എ.എൽ.പി സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീ.എ സുബൈർ-നെ പ്രധാന അദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 01/06/2023 മുതൽ ശ്രീ. ജൂനൈദ് എച്ച്.നെ എൽ.പി.എസ്.ടി. ആയി നിയമിച്ചതായിരുന്നു. നിയമനം അംഗീകാരത്തിനായി കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചത് താഴെ കാണുന്ന കാരണങ്ങൾ സൂചിപ്പിച്ച് നിരസിച്ചു.

1. കീഴത്തൂർ എ.എൽ.പി സ്കൂൾ പുതുതായി അനുവദിച്ച സ്കൂൾ ആയതിനാൽ ഏത് തരത്തിലുള്ള ഒഴിവായാലും 1:1 അനുപാതത്തിൽ സംരക്ഷിത അദ്ധ്യാപകരെ നിയമിക്കണം.
2. 06/02/2021-ലെ സ.ഉ. (പി) നം. 4/2021/പൊ.വി.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഉണ്ടാകുന്ന വ്യവസ്ഥാപിത ഒഴിവ് സംരക്ഷിത അദ്ധ്യാപകർക്ക് നൽകാമെന്ന മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ 3 അദ്ധ്യാപകർക്ക് നിയമനം അംഗീകരിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ ടി ഒഴിവ് സംരക്ഷിത അദ്ധ്യാപക

നിയമനത്തിനായി മാറ്റിവെയ്ക്കേണ്ടതാണ്.

3. നിയമന തീയതിയിലെ സ്റ്റാഫ് ലിസ്റ്റ് സമർപ്പിച്ചിട്ടില്ല.
4. ശ്രീ. സുബൈർ എ. യുടെ പ്രധാന അദ്ധ്യാപകനായി സ്ഥാനക്കയറ്റം ലഭിച്ച ഉത്തരവ് സമർപ്പിച്ചിട്ടില്ല.

ഈ കാരണങ്ങളാൽ നിയമനം നിരസിച്ചതിനെതിരെ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചതും നിരസിച്ചിരുന്നു. അപ്പീൽ നിരസിച്ച ഉത്തരവിൽ പുതുതായി അനുവദിച്ച സ്കൂൾ എന്ന വിഭാഗത്തിൽപ്പെട്ട സ്കൂളുകളിൽ കെ.ഇ.ആർ അദ്ധ്യായം XXI ചട്ടം 7(3) പ്രകാരം ഒരു റഗുലർ തസ്തികയിൽ സംരക്ഷിത അദ്ധ്യാപകനെ നിയമിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മറ്റ് കാരണങ്ങൾ ഉപജില്ല വിദ്യാഭ്യാസ ഓഫീസർ സൂചിപ്പിച്ചത് അതേപടി നില നിൽക്കുന്നു എന്ന് കാണിച്ചിരിക്കുന്നു.

അപ്പീൽ നിരസിച്ച ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പുന:പരിശോധന ഹർജി സമർപ്പിക്കുകയുണ്ടായി. നിലവിൽ വിദ്യാഭ്യാസ ഓഫീസർമാർ കണ്ടെത്തിയ കാരണങ്ങൾ അത്രയും നിലനിൽക്കുന്നു എന്ന കാരണത്താൽ പുനഃപരിശോധനാ ഹർജിയും നിരസിച്ചു.

പ്രൊപ്പോസലിൽ സൂചിപ്പിച്ച സ്റ്റാഫ് ലിസ്റ്റ്, പ്രധാന അദ്ധ്യാപകന്റെ അപ്രൂവൽ അനുവദിച്ച ഉത്തരവ് എന്നിവ സമന്വയയിൽ ജനറൽ ഡോക്യുമെന്റിൽ അപ് ലോഡ് ചെയ്യുന്നുണ്ട്. സ.ഉ. (പി) നം. 4/2021/പൊ.വി.വ. ഉത്തരവി സത്യപ്രസ്താവന നൽകി അപ്രൂവൽ അനുവദിക്കുന്നതിന് തത്തുല്യമായ എണ്ണം സംരക്ഷിത അദ്ധ്യാപകരെ ബഹു. കോടതിയുടെ അന്തിമ വിധിക്ക് ശേഷം മാത്രം നിയമിച്ചാൽ മതി എന്ന് വ്യക്തമാക്കിയിരിക്കെ ഈ തടസ്സവാദം നിലനിൽക്കുന്നതല്ല. 2024-2025 അദ്ധ്യയന വർഷം ഈ വിദ്യാലയത്തിന് അർഹമായ ഒരു അധിക തസ്തിക കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അനുവദിച്ച് നൽകിയിട്ടില്ല. ആയതിനെതിരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചിരിക്കുകയാണ്. അപ്പീൽ അനുവദിച്ച് കിട്ടുന്ന മുറയ്ക്ക് വ്യവസ്ഥാപിത ഒഴിവിൽ നിയമിതനായ ശ്രീ.ജുനൈദ്.എച്ച്-നെ പ്രസ്തുത തസ്തികയിലേക്ക് മാറ്റി പ്രൊമോഷൻ തസ്തിക സംരക്ഷിത അദ്ധ്യാപക നിയമനത്തിനായി വിട്ടു നൽകുന്നതാണ്.ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് ഈ പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവിനായി അപേക്ഷിച്ചിരിക്കുന്നു.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ സമാനമായ വാദഗതി ഇപ്രകാരമാണ്:

കീഴത്തൂർ എ.എൽ.പി.എസ്. ലെ പ്രധാനാദ്ധ്യാപികയായ ശ്രീമതി. ശീലാവതിയമ്മ 31/03/2023 തീയതിയിൽ വിരമിച്ച ഒഴിവിൽ ടി സ്കൂളിലെ എൽ.പി.എസ്.ടി ആയ ശ്രീ. എ. സുബൈറിനെ 01/04/2023 മുതൽ പ്രധാന അദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകിയതു മൂലം ഉണ്ടായ ഒഴിവിൽ ശ്രീ. ജുനൈദ് എച്ച്.നെ 01/06/2023 മുതൽ മാനേജർ എൽ.പി.എസ്.ടി ആയി നിയമിച്ച് നിയമനാംഗീകാര അപേക്ഷ പരിഗണനയ്ക്കായി കുഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചിരുന്നു. കീഴത്തൂർ എ.എൽ.പി.എസ് മാനേജർ സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജിയിൽ വിശദമാക്കിയിരിക്കുന്ന കാരണങ്ങളാൽ 22/11/2023, 14/7/2024, 24/1/2025 എന്നീ തീയതികളിലെ നടപടിക്രമങ്ങൾ പ്രകാരം യഥാക്രമം കുഴൽമന്ദം ഉപജില്ല

വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ശ്രീ. ജൂനൈദിന്റെ നിയമനാംഗീകാര അപേക്ഷ നിരസിച്ചിരുന്നു.

ഈ സ്കൂൾ ന്യൂലി ഓപ്പൺഡ് വിഭാഗത്തിൽപ്പെട്ടതാണ്. ഇത്തരം സ്കൂളിൽ കെ.ഇ.ആർ അദ്ധ്യായം XXI റൂൾ 7(3) പ്രകാരം ഒരു റഗുലർ തസ്തികയിൽ സംരക്ഷിത അദ്ധ്യാപകനെ നിയമിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഒരു നിയമനം മാനേജർ ഈ സ്കൂളിൽ നടത്തിയിട്ടില്ല. ചട്ടവിരുദ്ധമായാണ് ശ്രീ. ജൂനൈദിന്റെ നിയമനം നടത്തിയിരിക്കുന്നത്. കൂടാതെ സർക്കാർ ഉത്തരവ് നം.4/2021/പൊ.വി.വ, തീയതി 06/02/2021 പ്രകാരം മാനേജർ സത്യപ്രസ്താവന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2019-20 വരെയുള്ള നിയമനങ്ങൾ അംഗീകരിച്ചിട്ടുണ്ട്. സത്യപ്രസ്താവന സമർപ്പിച്ച സ്കൂളുകളിൽ സർക്കാർ ഉത്തരവ് നമ്പർ 2/2023/പൊ.വി.വ തീയതി 23/01/2023 പ്രകാരം 2019-20നു ശേഷം ഉണ്ടാകുന്ന ആദ്യ ഒഴിവിൽ തന്നെ സംരക്ഷിത അദ്ധ്യാപകനെ നിയമിക്കേണ്ടതാണ്. ഡിക്ലറേഷൻ വ്യവസ്ഥകൾ പാലിക്കാതെയാണ് ഈ നിയമനം മാനേജർ നടത്തിയിരിക്കുന്നത് എന്നും വിദ്യാഭ്യാസ ഓഫീസർമാർ വ്യക്തമാക്കുകയുണ്ടായി. ഹിയറിംഗിനോടനുബന്ധിച്ച് കൂഴൽമന്ദം ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ഉന്നയിച്ച വാദപ്രകാരം കീഴത്തൂർ എ.എൽ.പി.എസ് സ്കൂൾ ന്യൂലി ഓപ്പൺഡ് സ്കൂൾ ആയതിനാൽ ടി സ്കൂളിൽ വരുന്ന ഏത് തരത്തിലുള്ള ഒഴിവായാലും ആയത് 1:1 അടിസ്ഥാനത്തിൽ നിയമനം നടത്തേണ്ടതാണ് എന്നിരിക്കെ 06/02/2021 തീയതിയിലെ 04/2021 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭാവിയിലുണ്ടാകുന്ന വ്യവസ്ഥാപിതമായ ഒഴിവ് സംരക്ഷിതാദ്ധ്യാപകർക്ക് നൽകാമെന്ന മാനേജരുടെ സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ജസ്ന എ., സൂര്യ എസ്., മുഹമ്മദ് ജസീം എച്ച്. എന്നീ 3 അദ്ധ്യാപകർക്ക് നിയമനം നൽകി ഉത്തരവായിരുന്നു. ആയതിനാൽ ഇപ്പോൾ നിലവിലുള്ള ടി ഒഴിവ് സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി മാറ്റി വയ്ക്കേണ്ടതാണ്. കൂടാതെ നിയമനം നിരസിക്കുന്നതിനുള്ള കാരണങ്ങൾ നിലവിലും നിലനിൽക്കുന്നുവെന്നും 23.01.2023-ലെ G.O (Ms) 2/23/Gedn ഉത്തരവിലെ പാര III വ്യവസ്ഥ പാലിച്ചിട്ടില്ല എന്നും വ്യക്തമാക്കുകയുണ്ടായി. ന്യൂലി ഓപ്പൺഡ് കാറ്റഗറിയിൽപ്പെട്ട കീഴത്തൂർ എ.എൽ.പി.എസ്-ൽ വിദ്യാഭ്യാസ ഓഫീസർ തലത്തിൽ അപ്പീൽ നിരസിക്കാനിടയായ ന്യൂനതകൾ ഇപ്പോഴും നിലനിൽക്കുന്നതിനാൽ ശ്രീ. ജൂനൈദിന്റെ 01/06/2023 മുതലുള്ള എൽ.പി.എസ്.ടി തസ്തികയിലെ നിയമനം പരിഗണനാർഹമല്ലെന്നു പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം ഹർജിക്കാരുടെ വാദങ്ങൾ, സർക്കാർ മുൻപാകെ സമർപ്പിച്ച രേഖകൾ, വിദ്യാഭ്യാസ ഓഫീസർമാർ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 22/05/79-നു ശേഷം ആരംഭിച്ചതോ അപ്ഗ്രേഡ് ചെയ്തതോ ആയ സ്കൂളിൽ ഒരു സംരക്ഷിത അധ്യാപകനെയെങ്കിലും നിയമിക്കേണ്ടതാണെന്നു 01/02/2006-ലെ G.O(P) No 46/2006/പൊ.വി.വ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ അത്തരത്തിൽ ഒരു സംരക്ഷിതാധ്യാപകൻ സ്കൂളിൽ ഇല്ലായെങ്കിൽ വിരമിക്കൽ, രാജി തുടങ്ങിയ വ്യവസ്ഥാപിത ഒഴിവിലായിരിക്കണം ചട്ടപ്രകാരമുള്ള സംരക്ഷിതാദ്ധ്യാപകനെ നിയമിക്കേണ്ടതെന്നു 08/03/2019-ലെ സർക്കുലർ നമ്പർ J2/57/19/G.Ed -ൽ നിഷ്കർഷിച്ചിരിക്കുന്നു. 22/05/1979 മുതൽ 28/01/2016 വരെയുള്ള കാലയളവിൽ പുതുതായി തുടങ്ങിയതോ ഉയർത്തപ്പെട്ടതോ ആയ

സ്കൂളുകളിലെ ഒരു തസ്തിക ഭാവിയിൽ സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിനായി മാറ്റി വയ്ക്കുമെന്നു മാനേജർ സത്യപ്രസ്താവന നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത സ്കൂളിൽ 2019-20 നു ശേഷം ആദ്യമുണ്ടാകുന്ന ഒഴിവിൽത്തന്നെ കെ.ഇ.ആർ അദ്ധ്യായം XXI റൂൾ 7(3)(a) പ്രകാരം സംരക്ഷിതാധ്യാപകനെ നിയമിക്കേണ്ടതാണെന്നു 23/01/2023-ലെ G.O(P) No 2/23/പൊ.വി.വ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. തത്തുല്യ എണ്ണം സംരക്ഷിതാധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസുകളുടെ വിധിക്കു വിധേയമായി നടപ്പിലാക്കിയാൽ മതിയെന്ന നിബന്ധന 2006-07 മുതൽ 2009-10 വരെ മാനേജർമാർ അധിക ഡിവിഷൻ ഒഴിവുകളിൽ നടത്തിയിരുന്ന നിയമനങ്ങൾ സംബന്ധിച്ചാണ് എന്നതിനാൽ സുപ്രീം കോടതിവിധിക്കു വിധേയമായി മാത്രം സംരക്ഷിത അധ്യാപകരെ നിയമിച്ചാൽ മതിയാകുന്നതാണെന്ന ഹർജിയിലെ പരാമർശം നിലനിൽക്കുന്നതല്ല. മേൽ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കീഴത്തൂർ എ.എൽ.പി സ്കൂളിൽ മാനേജർ സംരക്ഷിതാധ്യാപക നിയമനം നടത്തിയിട്ടില്ല എന്ന് കാണാവുന്നതാണ്.

5. മേൽ സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ കീഴത്തൂർ എ. എൽ. പി. സ്കൂളിൽ എൽ.പി.എസ്.ടി ആയ ശ്രീ. എ. സുബൈറിനെ 01/04/2023 മുതൽ പ്രധാന അദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകിയതുമൂലം ഉണ്ടായ ഒഴിവിൽ 01/06/2023 മുതൽ എൽ.പി.എസ്.ടി. തസ്തികയിൽ സ്കൂൾ മാനേജർ നടത്തിയ ശ്രീ. ജൂനൈദ്. എച്ച് - ന്റെ നിയമനം പരിഗണനാർഹമല്ല എന്നതിനാൽ പരാമർശം (2) പുന:പരിശോധന ഹർജി നിരസിച്ചുകൊണ്ടു ഉത്തരാവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുഴൽമന്ദം, പാലക്കാട്.
മാനേജർ, എ.എൽ.പി. സ്കൂൾ, കീഴത്തൂർ, പാലക്കാട്.
ശ്രീ. ജൂനൈദ് എച്ച്., എൽ.പി.എസ്.ടി., എ.എൽ.പി. സ്കൂൾ, കീഴത്തൂർ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 23-12-2025 11:28:20